(ഡി) എറണാകുളം കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ റിസർവ് കണ്ടക്ടറായി ജോലി നോക്കുന്ന ശ്രീ. വി. വി. ജോസഫ് അപകടംമൂലം സ്ഥിരമായ അംഗവൈകല്യം ഉണ്ടായതുകൊണ്ട് അദർഡ്യൂട്ടി നൽകണമെന്ന് കാണിച്ച് അപേക്ഷ ഗവൺമെന്റിനും, കോർപ്പറേഷനും നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) 7 പേർ തസ്തികമാറ്റത്തിന് അപേക്ഷിച്ചിട്ടുണ്ട്.

(ബി) 1. എ. ഷാജഹാൻ, കൊല്ലം
2. കെ. എൻ. സുരേഷ്കുമാർ, പുനലൂർ.
3. ഇ. ഹരികുമാർ, മൂവാറ്റുപുഴ.
4. വി. പി. വിശ്വനാഥൻ, തൃശൂർ.
5. ബി. സ്മിതേഷ്, കോഴിക്കോട്
6. കെ. എൻ. സുനിൽകുമാർ, എറണാകുളം
7. കെ. കെ. റെജി, കോട്ടയം

(സി) ഉണ്ട്. അപേക്ഷകൾ പരിശോധിച്ച് ലോവർ കാറ്റഗറിയിലേക്ക് മാറ്റം അനുവദിച്ചു.

(ഡി) ഉണ്ട്. എറണാകുളം ഡിപ്പോയിൽ കണ്ടക്ടറായിരുന്ന വി. വി. ജോസഫിന് അദ്ദേഹത്തിന്റെ ശാരീരിക അവശത പരിഗണിച്ച് 14-2-2000-ൽ ആറുമാസം ലൈറ്റ് ഡ്യൂട്ടി അനുവദിച്ച് പാലക്കാട്ടേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ആറു മാസത്തിൽ കൂടുതൽ ആർക്കും ലൈറ്റ് ഡ്യൂട്ടി നൽകുന്നില്ല. തുടർന്നും ജോലി ചെയ്യാൻ അവശനാണെങ്കിൽ മെഡിക്കൽബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലോവർ കാറ്റഗറിയിലേക്ക് മാറ്റം അനുവദിക്കുന്നതാണ്.

ഷെഡ്യൂൾ നിർത്തലാക്കൽ

114 (801) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കെ. എസ്. ആർ. ടി. സി. യുടെ എത്ര ഷെഡ്യൂളുകൾ നിർത്തലാക്കി ;

(ബി) ഷെഡ്യൂൾ നിറുത്തലാക്കാനുള്ള പ്രത്യേക കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കെ. എസ്. ആർ. ടി. സി. യുടെ ഇപ്പോഴത്തെ സാമ്പത്തിക നില എന്ത് എന്ന് വിശദീകരിക്കുമോ ;

(ഡി) നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡീസൽ ലഭ്യതയിൽ ഉണ്ടായ കുറവു കാരണം വരുമാനം കുറവായ ചില സർവ്വീസുകൾ താൽക്കാലികമായി നിറുത്തൽ ചെയ്യേണ്ടി വന്നിട്ടുണ്ട്.

(ബി) 1965-ൽ കോർപ്പറേഷൻ നിലവിൽവന്നശേഷം ഒരു സാമ്പത്തിക വർഷം ഒഴികെ കോർപ്പറേഷൻ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

1996-97 നഷ്ടം 28.02 കോടി

1997-98 നഷ്ടം 50.99 കോടി

1998-99 നഷ്ടം 72.35 കോടി

1999-2000 നഷ്ടം 82.17 കോടി

(സി) കോർപ്പറേഷന്റെ ഇപ്പോഴത്തെ പ്രതിമാസ വരുമാനം 45 കോടി രൂപയും ചെലവ് 62 കോടി രൂപയും ആണ്. തൻമൂലം, ജീവനക്കാരുടെ ശമ്പളവും പെൻഷനുമൊഴിച്ചുള്ള മറ്റാനുകൂല്യങ്ങൾ എല്ലാം 8 മാസത്തോളം കുടിശ്ശികയിലാണ്. വിവിധ കമ്പനികൾക്ക് ഗണ്യമായ തുക കുടിശ്ശിക ഇനത്തിൽ നൽകുവാനുണ്ട്.

(ഡി) ഡീസൽ ലഭ്യതയിൽ വന്ന കുറവ് ഒരു പരിധിവരെ പരിഹരിച്ചതിനെ തുടർന്ന് നിറുത്തലാക്കിയ ചില സർവ്വീസുകൾ പുനഃരാരംഭിക്കുവാൻ യൂണിറ്റാഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. ബസ് ഷെഡ്യൂളുകൾ

115 (803) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബസുകൾ നിരത്തിലിറക്കി ;

(ബി) ഇപ്പോൾ മൊത്തം എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് ;

(സി) പ്രതിദിനം ശരാശരി എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് ;

(ഡി) ഇതിൽ ലാഭകരമായിട്ട് ഓടുന്ന എത്ര ഷെഡ്യൂളുകൾ ഉണ്ട് ;

(ഇ) നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1912 ബസുകൾ പുതുതായി നിരത്തിലിറക്കി.

LIBRARY ARCHIVES Kerala Legislative Assembly